(iv) Grant of house sites to Ex-service men

മിസ്റ്റർ കെ. കെ. കണ്ണൻ: To reduce the allotment of Rs. 6, 89, 233 for Land Revenue in Demand No. 1 by Re 1 (പട്ടാളത്തിൽ പോയി മടങ്ങിവന്നിട്ടുള്ളവരിൽ സ്ഥലമുള്ളവ ക്ക് പുറമ്പോക്ക ഭൂമികൂടി കൊടുക്കുന്നതു് അനാവശ്യമാണെന്നു ചൂണ്ടിക്കാണിക്കുവാൻ)

മിസ്റ്റർ സി. അർ. ഇയ്യുണ്ണി: ഒരു കാര്യം പറയാം.

"The idea of this seheme is that every War Service man combatant or non-conbatant should first be given a house site to construct a house to live in. This will apply to every war service man who has no house of his own".

വാർ സർവ്വീസ്സുകാരിൽ വീടുള്ളവക്ക് സ്ഥലം കൊടുക്കുവാൻ ഉദ്ദേശിക്കുന്നില്ലെന്നു വിശദീകരിക്കാനാണു് ഞാൻ ഇതിവിടെ വായിച്ചതു്.

മിസ്റ്റർ കെ. കെ. കണ്ണൻ: ഞാൻ ഈ ഉപക്ഷേപം സഭയുടെ അനുവാദത്തോടുകൂടി പിൻവലിക്കുന്നു.

Motion, by leave, withdrawn

(v) Cremation Ground—Depressed classes

മിസ്റ്റർ കെ. കെ. കണ്ണൻ: To reduce the allotment of Rs. 6, 89, 233 for Land Revenue in Demand No. 1 by Re. 1.

(അധഃകൃതരുടെ ശ്മശാന സ്ഥലങ്ങൾ പലതും ഭക്ഷ്യോൽപാദന പരിപാടിയനുസരിച്ചു് പാട്ടത്തിനു കൊടുത്തിട്ടുള്ള അനാശാസ്യമായ നടപടിയെക്കുറിച്ചു് ഗവൺമെണ്ടിനെ ഉൽബോധിപ്പിക്കാൻ.)

സർ, അധഃകൃതർക്കു കൊടുത്തിട്ടുള്ള ശ്മശാന സ്ഥലങ്ങൾ ചിലതു് ഫുഡ്"പ്രൊഡക്"ഷൻ സ്കീം നടപ്പിൽ വന്നതോടുകൂടി ഇതരസമുദായങ്ങളിലെ ചിലർക്കു് ഭക്ഷ്യ പദാർത്ഥങ്ങൾ കൃഷിചെയ്യാനെന്നുംപറഞ്ഞു് എല്പിച്ചുകൊടുത്തിട്ടുണ്ടെന്നു് എനിക്കു റിപ്പോർട്ട് കിട്ടിയിട്ടുണ്ടു്. ആ ആക്ഷേപം ഞാൻ അതാതുസമയം ഗവൺമെണ്ടിനെ അറിയിച്ചിട്ടുമുണ്ടു്. അതിൽ ചിലതു് ഫുഡ്"പ്രൊഡക്"ഷൻ സ്കീം നിറുത്തൽ ചെയ്യുമ്പോൾ തിരിച്ചു കൊടുക്കുന്നതാണെന്നു് മറുപടിയും തന്നിട്ടുണ്ടു്. പക്ഷെ എനിക്കു പറയാനുള്ളതു് അധഃകൃതർ മരിച്ചാൽ കഴിച്ചിടാനുള്ള സ്ഥലംപോലും ചില സ്ഥലങ്ങളിൽ അവർക്കു കിട്ടുന്നില്ലെന്ന സങ്കടാവസ്ഥ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽപെടുത്താനാണു് ഈ കട്ടമോഷൻ കൊണ്ടുവന്നിട്ടുള്ളതെന്നാണു്. അധഃകൃതർ അധികവും അന്യന്മാരുടെ സ്ഥലത്താണു താമസിക്കുന്നതു്. മറ്റൊരു സംഗതി അവർ മരിച്ചുകഴിഞ്ഞാൽ ശവം പൊതുശ്മശാനങ്ങളിലേക്കു കൊണ്ടുപോകാൻ സാധിക്കത്തക്കസൌകര്യമുള്ള സ്ഥലങ്ങളിലല്ലാ അവർ താമസിക്കുന്നതെന്നുള്ളതും പ്രത്യേകം പറയേണ്ടതുണ്ടു്. ഇങ്ങിനെ വളരെ കാലമായി ശവം മറവുചെയ്യുന്നകാര്യത്തിൽ അവർക്കു വളരെ ബുദ്ധിമുട്ടു നേരിട്ടുണ്ടു്. മിക്ക സ്ഥലങ്ങളിലും പറമ്പുടമസ്ഥന്മാർ അവർ താമസിക്കുന്ന സ്ഥലത്തു മറവു ചെയ്യുന്നതിനു് അനുവദിക്കുകയില്ല. ഇങ്ങിനെ അവർ കഷ്ടതകളനുഭവിച്ചുവരുമ്പോൾ ഇപ്പോൾ ഗവൺമെണ്ടിൽനിന്നു് അനുവദിച്ചുകൊടുത്തിട്ടുള്ള സ്ഥലമെങ്കിലും അന്യന്മാരുടെ കൈവശമാക്കാതെ അവർക്കു പരിരക്ഷ നല്കണമെന്നാണു് ഈ പ്രമേയംകൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു്. കലയേറിക്കര, മേലൂർ, കാറളം തുടങ്ങിയ പല സ്ഥലങ്ങളിലേയും ശ്മശാനങ്ങൾ ഇന്നു മറവുള്ളവക്കു കൃഷിക്കായി ഗവൺമെണ്ടു കൊടുത്തിട്ടുണ്ടു്. ഇതു് അനാശാസ്യ നടപടിയാണു്. ചത്താൽ കഴിച്ചിടാനുള്ള സ്ഥലംപോലും ഇല്ലാതെ അധഃകൃതർ സങ്കടമനുഭവിക്കുകയാണു്. അധഃകൃതരുടെ കാര്യം പറയുമ്പോൾ നെറി ചുളിക്കുന്ന ചില മെംബറന്മാർ ഇവിടെയുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ആരാണു്?

മിസ്റ്റർ കെ. കെ. കണ്ണൻ: പേർ പറയണമെന്നു് ഞാൻ ഉദ്ദേശിക്കുന്നില്ല.

മിസിസ്സ് ടി ഫ്രാൻസിസ്സ്: ഫുഡ്"പ്രൊഡക്"ഷനുവേണ്ടി പാട്ടത്തിനു കൊടുത്തിട്ടുണ്ടെന്നു പറയുന്ന ശ്മശാന സ്ഥലങ്ങളിൽ വല്ല ധാന്യങ്ങളും വളർന്നുവന്നു് നമ്മൾക്കു ഭക്ഷണത്തിനായി കിട്ടിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കെ. കണ്ണൻ: ഇങ്ങിനെ അധഃകൃതർക്ക കൊടുത്തിട്ടുള്ള ശ്മശാനങ്ങളും പലതും മറ്റുള്ളവരുടെ കൈവശം കൊടുത്തിട്ടുള്ളതു് അവർക്തന്നെ തിരിയെ കൊടുക്കേണ്ടതാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, എന്റെ സ്നേഹിതൻ മിസ്റ്റർ കണ്ണൻ പറഞ്ഞതു് എന്റെ അനുഭവത്തിൽനിന്നു ചിലതു പറഞ്ഞു സഭയെ ധരിപ്പിക്കാം. കാറളം വില്ലേജിൽ അധഃകൃതർ വളരെകാലമായിട്ടു് ശ്മശാനമായി ഉപയോഗിച്ചിരുന്നസ്ഥലത്തു് അധഃകൃത ഡിപ്പാർട്ട്മെണ്ടിൽനിന്നു ഒരു കിണർകൂടി കഴിച്ചതിനുശേഷം ആ സ്ഥലം അധഃകൃതക്ക പതിച്ചുകൊടുക്കാൻ പാടില്ലെന്നു് ഒരാർഡറുണ്ടാകുകയും, പിന്നീടു് ഭക്ഷ്യോല്പാദന പദ്ധതിയനുസരിച്ചു് മറ്റുചില സവർണ്ണർക്കു പാട്ടത്തിനു എല്ലിച്ചു കൊടുക്കുകയും ചെയ്തു. അതോടുകൂടി കാറളം വില്ലേജിൽതന്നെയുള്ള മറ്റുചില സ്ഥലങ്ങളും അധഃകൃതക്ക പതിച്ചുകൊടുക്കുവാൻ പാടില്ലെന്നു പറഞ്ഞിട്ടുണ്ടു്. അതിനു പറഞ്ഞ കാരണം പ്രസ്തുത പുറമ്പോക്ക സ്ഥലത്തിന്റെ അപ്പുറത്തു് ഒരു ക്ഷേത്രമുണ്ടു്; ആ ക്ഷേത്രത്തിലേക്കു പോകുന്നവർ അശുദ്ധമാകും എന്നുള്ളതാണു്. അതാണു് അധഃകൃതക്ക പതിച്ചു കൊടുക്കാത്തതു്. പിന്നീടവക്ക പതിച്ചു കൊടുക്കാൻ തീർച്ചയാക്കിയ സ്ഥലം വരയാടിനുപോലും കയറിപ്പോകാൻ സാധിക്കാത്തരത്തിൽ കുത്തനേയുള്ളതും, പുല്ലുപോലും മുളക്കാത്തതുമായ ഒരു കൽപ്രദേശമാണു്. ഒടുവിൽ അതുംകൂടി അവക്കു കൊടുത്തില്ല. പുറംപോക്കു ഭൂമിയിൽ നല്ലതു് മേച്ചിൽസ്ഥലവും മറ്റുചിലതു് റോഡു്, കുളം, കിണർ, ക്ഷേത്രം മുതലായവയുടെ സാമീപ്യംകൊണ്ടു് അശുദ്ധപ്പെടുത്തുമെന്നുള്ള ഭയംകൊണ്ടു് ബാക്കിയുള്ള സ്ഥലങ്ങളും കോളനിക്കോ ശ്മശാനത്തിനോ കൊടുക്കാൻ പാടില്ലെങ്കിൽ പുല്ലുമുളക്കാതെ തരിശായി കിടക്കുന്ന സ്ഥലമെങ്കിലും ഒരു ശ്മശാനത്തിനു കൊടുപ്പാൻ അനുവദിക്കണം. അധഃകൃതക്കുവേണ്ടി ഡിപ്പാർട്ട്മെണ്ടിൽനിന്നു് ഇരുന്നൂറോ, മുന്നൂറോ രൂപാ ചിലവുചെയ്തു് ഒരു കിണർ അവിടെ കഴിപ്പിക്കുകയുണ്ടായിയെന്നു് ഞാൻ മുൻപ്രസ്താവിച്ചുവല്ലൊ. അതിനുശേഷം അതു് അധഃകൃതക്ക കൊടുക്കുകയില്ലെന്നു പറയുന്നു. ഇങ്ങിനെ ഭക്ഷ്യോല്പാദനത്തിനുവേണ്ടി ആ സ്ഥലം കൊടുക്കാൻ പോകുന്നുവെന്നു കേട്ടപ്പോൾ പുലയർതന്നെ അതിനു് അപേക്ഷകരായിട്ടുണ്ടായിരുന്നു. എങ്കിലും അവക്കു കൊടുക്കാതെയാണു് മറ്റുള്ളവക്കു് ആ സ്ഥലം കൊടുത്തതു്. സ്ഥലം വീതിക്കുവാൻ നിശ്ചയിച്ച കമ്മിറ്റിയിൽ ഒരു പുലയനില്ലാഞ്ഞതായിരിക്കാം ഇതിനു കാരണമെന്നു തോന്നുന്നു. ഈ കാര്യം ഗവൺമെണ്ടു ശ്രദ്ധിക്കണം എന്നുമാത്രമേ ഞാൻ ഗവൺമെണ്ടിനെ ഉൽബോധിപ്പിക്കുന്നുള്ളൂ.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: സർ, ഈ ഉപക്ഷേപത്തിൽ അടങ്ങീട്ടുള്ള സംഗതി "അധഃകൃതരുടെ ശ്മശാന സ്ഥലങ്ങളും പലതും ഭക്ഷ്യോല്പാദന പരിപാടിയനുസരിച്ചു പാട്ടത്തിനു കൊടുത്തിട്ടുള്ള അനാശാസ്യ നടപടിയെക്കുറിച്ചു ഗവൺമെണ്ടിനെ ഉൽബോധിപ്പിക്കാൻ" എന്നാണു്. എന്നാൽ അധഃകൃതക്കുവേണ്ടി അങ്ങിനെ ശ്മശാന സ്ഥലങ്ങളും ഗവൺമെണ്ടിൽ നിന്നു ഉണ്ടാക്കികൊടുത്തിട്ടില്ലെന്നാണു ഗവൺമെണ്ടിനു ആദ്യമെ പറയാനുള്ളതു്. പക്ഷെ, ഗവൺമെണ്ടിന്റെ പുറംപോക്കു സ്ഥലങ്ങളും അധഃകൃതരിൽ ചിലർ ശവം മറവുചെയ്യുന്നതിനായി ഉപയോഗിച്ചു വന്നിരുന്നുവെന്നതു വാസ്തവമാണു്. അല്ലാതെ അവക്കു ഗവൺമെണ്ടിൽനിന്നു അതിനായി കൊടുത്തിട്ടില്ല. അവരുടെ ശ്മശാന സ്ഥലങ്ങളും ആയിരുന്നെങ്കിൽ തീർച്ചയായും അതു ഭക്ഷ്യോല്പാദന പദ്ധതിക്കായി തിരിച്ചെടുത്തു മറെറാരു കൂട്ടർക്കു കൊടുക്കുകയില്ലായിരുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അങ്ങിനെ പുറമ്പോക്കു സ്ഥലങ്ങളാണെങ്കിൽ ഞാൻ മുമ്പു പറഞ്ഞ സ്ഥലത്തു ഗവൺമെണ്ടിൽ നിന്നു അധഃകൃതക്കുവേണ്ടി ഒരു കിണർ കഴിക്കുമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതു അധഃകൃതക്കു കൊടുത്തിട്ടുള്ള ശ്മശാനസ്ഥലമായിരുന്നെങ്കിൽ തീർച്ചയായും തിരിച്ചെടുക്കയില്ല. അതു അവക്കു കൊടുത്തിരുന്നതാണെന്നു പറയുന്നതു ശരിയല്ല. എന്നാൽ അധഃകൃതക്കു ശവം മറവു ചെയ്യാൻ സ്ഥലമില്ല; അതിനു സൌകര്യമുണ്ടാക്കി കൊടുക്കണമെന്നു പറഞ്ഞാൽ അതിനു ഗവൺമെണ്ടു തയ്യാറാണു്. ഇനി ഇങ്ങിനെ ഫഡ്പ്രൊഡക്ഷനുവേണ്ടി സ്ഥലം കൊടുത്തുവെന്നു പറയുന്നതു അതു ഗവൺമെണ്ടിന്റെ അഭിപ്രായപ്രകാരമല്ല. അതു, അതാതുസ്ഥലത്തുള്ള ഫുഡ് അഡ്വൈസറി കമ്മറ്റിയുടെ തീരുമാനമനുസരിച്ചാണു ചെയ്യുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്". പണിക്കർ : കമ്മിറ്റിയിൽ പുലയരില്ല. മറവള്ളവരുടെ അടിമകളല്ല ഈ ഏഴകൾ.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : അതാതു സ്ഥലങ്ങളിൽ ഓരോ കമ്മിറ്റിയുണ്ട്"; അവരുടെ ശുപാർശിയനുസരിച്ചാണ അങ്ങിനെ ചെയ്യാറുള്ളതു". അല്ലാതെ ഗവമ്മെണ്ടു നേരിട്ടു ചെയ്യുന്നതല്ല. പിന്നെ ബഹുമാനപ്പെട്ട മെമ്പർ പറയുന്ന മാതിരി അവക്കു സ്ഥലമില്ലെങ്കിൽ അതിനു വേണ്ട സൌകര്യം ഗവമ്മെണ്ടു ചെയ്തുകൊടുക്കുന്നതായിരിക്കും.

മിസ്റ്റർ കെ. കെ. കണ്ണൻ : ചില കോളനികളിൽ ശ്മശാനങ്ങൾ കൊടുത്തിട്ടുണ്ട്". അതു ബഹുമാനപ്പെട്ട മിനിസ്റ്റർ അവർകൾ അറിഞ്ഞിട്ടില്ലായിരിക്കാം.

റാവുസാഹിബ്ബ് കെ. അയ്യപ്പൻ : അങ്ങിനെ സ്ഥലം കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ കെ. കെ. കണ്ണൻ : ഉണ്ടു". അതാണു ഞാൻ പറഞ്ഞതു".

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : കോളനികളിൽ ഗവമ്മെണ്ടിൽനിന്നു ശ്മശാനങ്ങൾ ഉണ്ടാക്കി കൊടുത്തിട്ടുണ്ടു"; അതു ഫുഡ്പ്രൊഡക്ഷനു വേണ്ടി വേറെ ആളുകൾക്കു കൊടുത്തിട്ടുണ്ടെന്നു പറഞ്ഞാൽ ഞാൻ അതിനെകുറിച്ചു അന്വേഷിക്കാം. അങ്ങിനെയുണ്ടെന്നു കണ്ടാൽ അതു നിവൃത്തികയും ചെയ്യാം. അതിനെകുറിച്ചു ഞാൻ കൂടുതൽ പറയുന്നില്ല. ഈ കട്ടുമോഷൻ ബഹുമാനപ്പെട്ട മെമ്പർ പിൻവലിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മിസ്റ്റർ കെ. കെ. കണ്ണൻ : അധീകൃതകോളനികളിൽ താമസിക്കുന്നവക്കു ചില ദിക്കിൽ ശ്മശാന സ്ഥലം ഗവർമ്മെണ്ടു കൊടുത്തിട്ടുണ്ടു". ചില കോളനികളിൽ ഗവർമ്മെണ്ടു കൊടുക്കാതെ തന്നെ അവർ വളരെക്കാലമായി ഉപയോഗിച്ചുവരുന്നതായ ശ്മശാനങ്ങളുമുണ്ടു". അതിൽ ചിലതു ഭക്ഷ്യോല്പാദനത്തിനു വേറെ ആളുകൾക്കു പാട്ടത്തിനു കൊടുത്തിട്ടുണ്ടു". ഇല്ലെന്നു പറയുവാൻ തരമില്ല. പക്ഷെ അതു ഫുഡ്അഡ്വൈസറി കമ്മറ്റിക്കാർ സഹകാര്യമായി ആലോചിച്ചു ചെയ്യുതാകാനും മതി. ആ സംഗതി ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തുകയാണു ഈ പ്രമേയംകൊണ്ടു വന്നതിന്റെ ഉദ്ദേശം. അതിനെ സംബന്ധിച്ചുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി തൃപ്തികരമായതുകൊണ്ടു ഞാൻ ഈ കട്ടുമോഷൻ സഭയുടെ അനുവാദത്തോടു കൂടി പിൻവലിക്കുന്നു.

Motion, by leave; withdrawn

22. POLICE

Rao Sahib A. Madhava Prabhu *(Chief Secretary to Government)*: Sir, I move Rs. 16,73,446 under 22 Police.

Cut Motion

The unsatisfactory state of bus Traffic

Mr. M. K. Raja *(Mulakunnathukavu)*: To reduce the allotment of Rs. 16,73,466 under Police in Demand No. 22 by Re 1.

(To discuss the unsatisfactory state of bus transport in Cochin and to make certain suggestions to the Traffic Department regarding the policy underlying the control of bus traffic)

സർ, കൊച്ചിരാജ്യത്തിലെ മിക്ക ബസ്" ലൈനുകളിലും ഇന്നത്തെ വമ്പിച്ച എണ്ണത്തിലുള്ള യാത്രക്കാരെ കൊണ്ടുവരുന്നതിനും കൊണ്ടുപോകുന്നതിനും പയ്യാപ്പമായ രീതിയിൽ ബസ്സുകളുടെ എണ്ണം ഇല്ലെന്നുള്ള പരാതി ഈ നിയമസഭയിൽ മുന്നിലധികം തവണ ഉണ്ടായിട്ടുള്ളതാണു". ഗവർമ്മെണ്ടു" കൂടുതൽ യാത്രാസൌകര്യങ്ങൾക്കുള്ള ഏർപ്പാടുകൾ ചെയ്യുന്നുണ്ടെന്നു ഞങ്ങൾക്കു ബോദ്ധ്യമുണ്ടു". അടുത്ത ഏതാനും മാസങ്ങളായി ഈ കാര്യത്തിൽ ഗവർമ്മെണ്ടിന്റെ സവിശേഷ ശ്രദ്ധ പതിഞ്ഞിട്ടുണ്ടെന്നും ഞാൻ സമ്മതിക്കുന്നു. എങ്കിൽ കൂടിയും ഇന്നും മിക്ക ലൈനുകളിലും യാത്രക്കാരുടെ എണ്ണത്തെ താരതമ്യപ്പെടുത്തി നോക്കുമ്പോൾ സൌകര്യമായി യാത്രക്കുവേണ്ടത്ര ബസ്സുകളില്ലെന്നു പറയാതെ തരമില്ല. എന്തായാലും ഈകാര്യത്തിൽ ഗവമ്മെണ്ടു കാര്യമായ ശ്രദ്ധ ചെലുത്തുന്നുണ്ടെന്നു കാണുന്നതുകൊണ്ടു ഞാൻ ഇതിനെകുറിച്ചു അധികം പറയുന്നില്ല.

ഈ സഭയുടെ ശ്രദ്ധയിൽ എനിക്കു കൊണ്ടുവരാനുള്ളതു രണ്ടുമൂന്നു സംഗതികളാണു". ആദ്യം തന്നെ പറയാനുള്ളതു പുതിയ ബസ്സുകൾക്കു പെർമിറ്റു" കൊടുക്കുന്ന സമ്പ്രദായത്തെപ്പറ്റിയാണു". ഈ കാര്യത്തിൽ ഇതുവരെ ഗവമ്മെണ്ടു അനുവർത്തിച്ചുവന്നിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly